കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കാവശ്ശേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഡി-പി.കെ.ഡി10/1184/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
തീയതി-28.07.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാവശ്ശേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കാവശ്ശേരി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഡി-പി.കെ.ഡി10/1184/2017 തീയതി-28.07.2017

പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15-12-2016 മുതൽ 7-06-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങളുടെ മറുപടി പരിഗണിച്ചശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ.വാസുദേവൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 8-6-17 മുതൽ 15-06-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ബിന്ദു.പി.ജി,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി.സുസ്മിത.കെ.വി<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. സരിത.പി<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. രാധാകൃഷ്ണൻ.വി.കെ<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി പി.സി.ഭാമ | 1-04-16 മുതൽ 31-03-17 വരെ |
| സെക്രട്ടറി | ശ്രീ വി.രവീന്ദ്രൻ | 01-04-16 മുതൽ 30-04-16 വരെ |
| -ടി- | ശ്രീ ഹരിമോഹൻ ഉണ്ണികൃഷ്ണൻ,<br>സെക്രട്ടറി ഇൻ ചാർജ്ജ് | 01-05-16 മുതൽ 17-05-16 വരെ |

| | | |
|---|---|---|
| -ടി- | ശ്രീ വി.രവീന്ദ്രൻ | 18-05-16 മുതൽ 31-05-16 വരെ |
| -ടി- | vacant | 01-06-16 മുതൽ 07-08-16 വരെ |
| -ടി- | ജയന്തകുമാർ | 08-08-16 മുതൽ 31-03-17 വരെ |

(സി) നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.രോഹിണി | 01-04-16 മുതൽ 30-06-16 വരെ |
| | ഡോ.ആനന്ദ് | 1-07-16 മുതൽ 31-03-17 വരെ |
| ഹെഡ് മാസ്റ്റർ | കെ.ബാലകൃഷ്ണൻ | 1-04-16 മുതൽ 31-03-17 വരെ |
| വി.ഇ.ഒ | കെ.വി.ശിവദാസൻ | 01-04-16 മുതൽ 29-08-16 വരെ |
| | ഗിരിജ.സി | 30-08-16 മുതൽ 31-03-17 വരെ |
| കൃഷി ഓഫീസർ | എ. വിശ്വനാഥൻ | 01-04-16 മുതൽ 31-03-17 വരെ |
| വെറ്ററിനറി സർജൻ | ഡോ.കനകരാജ് | 01-04-16 മുതൽ 19-09-16 വരെ |
| | ഡോ.ദിവ്യാറാണി തോമസ് | 20-09-16 മുതൽ 31-03-17 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീപ്രിയ | 01-04-16 മുതൽ 31-08-16 വരെ |
| | ദിവ്യ.എം.കെ | 1-09-16മുതൽ 31-03-17 വരെ |

| | | |
|---|---|---|
| ഐ.സി.ഡി .എസ്. സൂപ്പർവൈസർ | ജകബർനീസ്സ | 01-04-16 മുതൽ 18-09-16 വരെ |
| | ധനലക്ഷ്മി.എം.കെ | 19-09-16 മുതൽ 31-03-17 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ഹരിമോഹൻ ഉണ്ണികൃഷ്ണൻ | 01-04-16 മുതൽ 25-08-16 വരെ |
| | പി.എൻ. തങ്കമണി | 26-08-16 മുതൽ 31-03-17 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04-3-2016 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് ₹ 122440565.70 രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ്) ചെലവ് ₹ 78846850 രൂപയും നീക്കിയിരിപ്പ് ₹ 43593715.70 രൂപയുമാണ്.

## 1-2. വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-7-2017 | 6-6-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|
| 2016-17 | സാക്ഷ്യപത്രം റിപ്പോർട്ടിനോടൊപ്പം അനുബന്ധമായി ചേർത്തിച്ചിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| വർഷം | 2016-17 |
| മുന്നിരിപ്പ് | 10753873 |
| വരവ് | 62324685 |
| ആകെ | 73078558 |
| ചെലവ് | 56205033 |
| നീക്കിയിരിപ്പ് | 16873525 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | ലാപ്സായ ഫണ്ട് | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 13657584 | 13657584 | 11177108 | 2480476 | 82% |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 11717517 | 11717517 | 7285099 | 4432418 | 62 % |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 8503365 | 8503365 | 6477142 | 2026223 | 76 % |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 3621804 | 3621804 | 2323601 | 1298203 | 64 % |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7659251 | 7659251 | 6305418 | 1353833 | 82 % |
| പെർഫോ മൻസ് ഗ്രാന്റ് (കേന്ദ്രം) | 0 | 2968222 | 2968222 | 1672103 | 1296119 | 56 % |
| പെർഫോ മൻസ് ഗ്രാന്റ് (സ്റ്റേറ്റ്) | 0 | 1054217 | 1054217 | 0 | 1054217 | 0% |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 2016-17 | 130 | 67724596 | 88 | 35240471 | 42 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 88 പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 52% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷ വരവ്(ഓഡിറ്റ് റിപ്പോർട്ട് പ്രകാരം | തൻവർഷം വരവ് | വ്യത്യാസം | % |
|---|---|---|---|---|
| നികുതി വരവുകൾ | 2194840 | 4385220 | (+)2190380 | 99.8% |
| നികുതിയേതര വരവുകൾ | 979122 | 1677842 | (+) 698720 | 71% |
| ആകെ | 3173962 | 6063062 | (+)2889100 | 91% |

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികൾക്കായി ലഭിച്ച പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുത്തതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | അനുവദിച്ചത് | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 10 | 8 | 2 |
| 2 | വിധവാ പെൻഷൻ | 98 | 84 | 14 |
| 3 | വികലാംഗ പെൻഷൻ | 26 | 16 | 10 |
| 4 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4 | 3 | 1 |
| 5 | വാർദ്ധക്യകാല പെൻഷൻ | 521 | 476 | 45 |
| 6 | തൊഴിൽ രഹിത വേതനം | 38 | 9 | 29 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08-06-17 2.30 pmന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10900 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | | 1-04-17മുതൽ 30-04-2017 വരെ | 22-05-17 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12-10-2009മുതൽ 23-10-2009 വരെ | 2004-05 മുതൽ 2008-09 വരെ | 23-11-2009 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ 2016-17 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്നു കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|
| സുബ്രമണ്യ അക്വാ മിനറൽസ് | രണ്ടാം |
| വിജയ് മിനറൽസ് | രണ്ടാം |
| പത്തനാപുരം ക്ഷീരോത്പാദക സഹകരണ സംഘം | ഒന്നാം |
| മുത്തൂറ്റ് ഫിനാൻസ് | രണ്ടാം |
| കഴനി ക്ഷീരോത്പാദക സഹകരണ സംഘം | രണ്ടാം |

തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/9.6.17) ലഭ്യമായ മറുപടിയിൽ തുക

ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

## 2-2 സ്ഥാപന നികുതി ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ 2016-17 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന നികുതി ഈടാക്കിയിട്ടില്ല .വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|
| സുബ്രമണ്യ അക്വാ മിനറൽസ് | ഒന്നും രണ്ടും |
| വിജയ് മിനറൽസ് | ഒന്നും രണ്ടും |
| പത്തനാപുരം ക്ഷീരോത്പാദക സഹകരണ സംഘം | രണ്ടാം |
| മുത്തൂറ്റ് ഫിനാൻസ് | രണ്ടാം |
| ഫൈവ് സ്റ്റാർ പ്ലാസ്റ്റിക്സ് | രണ്ടാം |
| കഴനി ക്ഷീരോത്പാദക സഹകരണ സംഘം | രണ്ടാം |

സ്ഥാപന നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-3 ഫയർ എൻ.ഒ.സി ലഭ്യമാക്കാതെ കെട്ടിടനമ്പർ അനുവദിച്ചു

ശ്രീ.കെ.പി കലാധരൻ, പഴനിമല,കുന്നത്ത് വീട് ,കാവശ്ശേരി എന്നയാളുടെ ഉടമസ്ഥതയിലുള്ള റൈസ് മിൽ രൂപാന്തരം വരുത്തി കല്യാണമണ്ഡപം ആക്കി മാറ്റിയിട്ടുണ്ട്. ടി നിർമ്മാണം കെ.പി.ബി.ആർ ചട്ടം 137(4) പ്രകാരം ഓഡിറ്റ് വർഷം ക്രമവത്കരിച്ച് നൽകിയിട്ടുണ്ട്. ഗണം ഡി വിഭാഗത്തിൽപ്പെട്ട ഈ കെട്ടിടത്തിന് അഗ്നിശമനസേനാ ഡയറക്ടറിൽ നിന്നോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനിൽ നിന്നോ ഒരു അനുമതി സാക്ഷ്യപത്രം (ഫയർ എൻ.ഒ.സി) നേടിയിരിക്കേണ്ടതാണ്. (ചട്ടം 57(8)) എന്നാൽ ഇപ്രകാരത്തിലുള്ള ഒരു സാക്ഷ്യപത്രം ഹാജരാക്കാതെയാണ് കെട്ടിടം ക്രമവത്കരിച്ച് നൽകിയിരിക്കുന്നത്.

കല്യാണമണ്ഡപത്തിനോട് ചേർന്ന് ഒരു എൽ.പി. സ്കൂൾ പ്രവർത്തിക്കുന്നതിനാൽ മണ്ഡപം പ്രവർത്തിച്ചു തുടങ്ങുമ്പോൾ ഉണ്ടാകാനിടയുള്ള ശബ്ദമലിനീകരണം, ഭക്ഷണാവശിഷ്ടങ്ങൾ മൂലമുണ്ടാകുന്ന പരിസരമലിനീകരണം തെരുവുനായ ശല്യം തുടങ്ങിയ പാരിസ്ഥിതിക പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി പൊതുജനങ്ങൾക്കിടയിലും സ്കൂൾ അധികൃതരുടെ ഇടയിലും രക്ഷകർത്താക്കളുടെ ഇടയിലും ഉണ്ടായ പരാതിയുടെ അടിസ്ഥാനത്തിൽ ഹൈക്കോടതിയിൽ

കേസ് നില നിന്നിരുന്നതാണ്. കോടതിയുടെ അന്തിമവിധി പ്രകാരം കേരള പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കും പ്രകാരം കെട്ടിടം ക്രമവത്കരിച്ചു നൽകുന്നതിന് പഞ്ചായത്ത് തീരുമാനിച്ചു. ആയതനുസരിച്ച് കെട്ടിടത്തിന് നം അനുവദിച്ചു കൊണ്ട് ക്രമവത്കരിച്ച് നൽകിയിട്ടുണ്ട്.

കല്യാണമണ്ഡപത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഇത്രയേറെ പ്രശ്നങ്ങൾ ഉണ്ടായിരുന്നിട്ടും കെട്ടിടത്തിന് ഫയർ & റസ്ക്യൂ വകുപ്പിന്റെ നിരാക്ഷേപപത്രം ഇല്ലാതെ നമ്പർ അനുവദിച്ചു നൽകിയത് ശരിയായ നടപടിയല്ല. ഫയർ എൻ.ഒ.സി ലഭ്യമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ - ഉയർന്ന നിരക്കിൽ വാങ്ങിയതിനാൽ നഷ്ടം

പ്രൊജക്റ്റ് – എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ (28/17)

അടങ്കൽ - 500000(SCP)

ചെലവ് - 476955

ബിൽ നമ്പർ - 17/29.3.17 -

ഗ്രാമപഞ്ചായത്തിലെ എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്ന പദ്ധതി പ്രകാരം 2016-17 ൽ 125 വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകിയിട്ടുണ്ട്. പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതിൽ മൂന്ന് സ്ഥാപനങ്ങളിൽ നിന്നും താഴെ പറയും പ്രകാരം ടെണ്ടർ ലഭിച്ചു.

| | Popular cycle mart, pkd | Raj marketing | Murali Cycle mart |
|---|---|---|---|
| For Girls | | | |
| Hero miss india velvet | 3890 | 3920 | 3893 |
| BSA ladybird | | 4210 | 4177 |

| | | | |
|---|---|---|---|
| DNS viva | | 3790 | 3742 |
| Vstar | | 3740 | 3690 |
| Devine | | 3710 | 3625 |
| For boys | | | |
| BSA Hercules | | 3910 | 3896 |
| Hero nitro integra | 3748 | 3799 | 3747 |
| DNS Kontra | | 3725 | 3699 |
| V star force | | 3698 | 3610 |
| Devine MTB | | 3610 | 3560 |

ലഭ്യമായ ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് Girls – Devine 3625/- , boys – 3560/- എന്നിങ്ങനെയാണ്. എന്നാൽ ഇവ പരിഗണിക്കാതെ മുരളി സൈക്കിൾ മാർട്ടിൽ നിന്നും ഉയർന്ന നിരക്കിൽ വാങ്ങിയതിനാൽ പഞ്ചായത്ത് ഫണ്ടിന് താഴെ പറയും പ്രകാരം നഷ്ടമുണ്ടായിട്ടുണ്ട്.

| ഇനം | ഏറ്റവും കുറഞ്ഞ നിരക്ക് | വാങ്ങിയ നിരക്ക് | അധികചെലവ് |
|---|---|---|---|
| പെൺകുട്ടികളുടെ സൈക്കിൾ (60 എണ്ണം) | Devine - 3625 | Hero miss India - 3890 | 60 x 265= 15900 |
| ആൺകുട്ടികളുടെ സൈക്കിൾ (65 എണ്ണം) | Devine - 3560 | Hero 3747 | 65 x 187 = 12155 |

| | | | |
|---|---|---|---|
| | | | 28055 |

ഓഡിറ്റ് എൻക്വയറിക്ക് ( 7/14.6.17) മറുപടിയായി ബ്രാൻഡഡ് സൈക്കിളായ ഹീറോയുടെ ഗുണനിലവാരം അടിസ്ഥാനമാക്കിയാണ് ഉയർന്ന നിരക്കിലുള്ള സൈക്കിൾ വാങ്ങിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ സ്ഥാപനങ്ങളോട് സാംമ്പിൾ സമർപ്പിക്കാൻ ആവശ്യപ്പെടുകയോ അവ പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധിക്കുകയോ ചെയ്തതായി രേഖകളില്ല. സൈക്കിളുകളുടെ ഗുണനിലവാരം സംബന്ധിച്ച യാതൊരു സാങ്കേതികപരിശോധനയും നടത്താതെ ബ്രാൻഡ് അടിസ്ഥാനമാക്കി മാത്രം ഉയർന്ന നിരക്കിൽ പർച്ചേസ് ചെയ്ത നടപടി അംഗീകരിക്കാവുന്നതല്ല.അതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടമായ ₹ 28055 /- നിർവഹണഉദ്യോഗസ്ഥയായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>B. ഇ.എം.ഡി. പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്</u>

എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ എന്ന പദ്ധതിക്കായി ലഭിച്ച 3 ടെണ്ടറുകളിൽ പെൺകുട്ടികളുടെ സൈക്കിൾ പോപ്പുലർ സൈക്കിൾ മാർട്ട് ,പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് തീരുമാനിച്ചുവെങ്കിലും അവർക്ക് സമയബന്ധിതമായി സൈക്കിൾ നൽകുവാൻ കഴിയുകയില്ല എന്ന് അറിയിച്ചതായി പർച്ചേസ് കമ്മിറ്റി മിനുട്സിൽ ( 17.3.17) രേഖപ്പെടുത്തിയിട്ടുണ്ട്. പോപ്പുലർ സൈക്കിൾ മാർട്ട് , സൈക്കിൾ സപ്ലൈ ചെയ്യാൻ തയ്യാറാവാതിരുന്നതിനാൽ അവരുടെ EMD തുകയായ12500/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. ഫയലിൽ ഇ.എം.ഡി.യായി സമർപ്പിച്ചിട്ടുള്ള പി.എൻ.ബി.യുടെ "Confirmation of deposit receipt" നിർവഹണ ഉദ്യോഗസ്ഥയുടെ പേരിൽ Pledge ചെയ്തിട്ടില്ല. ഇ.എം.ഡി. തുക സ്ഥാപനത്തിൽ നിന്നോ നിർവഹണഉദ്യോഗസ്ഥയിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

# 3-2 എസ്.സി.വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ - ഉയർന്ന നിരക്കിൽ വാങ്ങിയതിനാൽ നഷ്ടം

പ്രൊജക്ട് - എസ്.സി.വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ (36/17)

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 500000(SCP)

ചെലവ് - 395000 (എഫാർ ട്രേഡേഴ്സിന് നൽകി)

ബിൽ നമ്പർ - 18/29.3.17

ഗ്രാമപഞ്ചായത്തിലെ എസ്.സി.വിദ്യാർത്ഥികൾക്ക് ടേബിളും ചെയറും നൽകുന്ന പദ്ധതി പ്രകാരം ഓഡിറ്റ് വർഷത്തിൽ 125 വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ നൽകിയിട്ടുണ്ട്. 8.2.17 ലെ A2-5858/16 പ്രകാരം ടെണ്ടർ ക്ഷണിച്ചതിൽ 5 ടെണ്ടറുകൾ ലഭ്യമായിട്ടുണ്ട്. ടെണ്ടർ നോട്ടീസിലെ സ്പെസിഫിക്കേഷൻ താഴെ പറയും പ്രകാരമാണ്.

| ഇനം | സ്പെസിഫിക്കേഷൻ |
|---|---|
| ടേബിൾ | 3x2 ft. Novapan top powder coated 18 guage |
| ചെയർ | Cushion type, armed chair, powder coated 18 guage pipe |

ലഭ്യമായ ടെണ്ടറുകളും ടാബുലേഷൻ ഷീറ്റും പ്രകാരം ടേബിളിന് ഏറ്റവും കുറഞ്ഞ നിരക്ക് (നികുതി ഉൾപ്പെടെ) എഫാർ ട്രേഡേഴ്സും (@ 2350/- ) ചെയറിന് ഏറ്റവും കുറഞ്ഞ നിരക്ക് ദാസ് ഏജൻസീസ്, ആലത്തൂരുമാണ്(@747 /- ) ക്വോട്ട് ചെയ്തിട്ടുള്ളത്.

പർച്ചേസ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ മിനുട്സിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത എഫാർ ട്രേഡിംഗ്, പാലക്കാടിന്റെ നിരക്ക് - (Table -2350/- chair – 810/- ) അംഗീകരിച്ചു എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 747 രൂപയുടെ ചെയർ(ദാസ് ഏജൻസീസ്) പരിഗണിക്കാതെ ₹ 810/- നിരക്കിൽ 125 ചെയർ എഫാർ ട്രേഡേഴ്സിൽ നിന്നും വാങ്ങിയതിനാൽ പഞ്ചായത്ത് ഫണ്ടിന് ആകെ 7875 രൂപ നഷ്ടമുണ്ടായി.

ഓഡിറ്റ് എൻക്വയറിക്ക് ( 7/14.6.17) മറുപടിയായി ദാസ് ഏജൻസിയുടെ ചെയർ ഗുണനിലവാരം കുറഞ്ഞതാണെന്ന് ബോധ്യപ്പെട്ടതിനാലാണ് ഉയർന്ന നിരക്കിലുള്ള ചെയർ വാങ്ങിയത് എന്നാണ് നിർവഹണഉദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്. എന്നാൽ സ്ഥാപനങ്ങളോട് സാംമ്പിൾ സമർപ്പിക്കാൻ ആവശ്യപ്പെടുകയോ അവ പരിശോധിക്കുകയോ ചെയ്തതായി രേഖകളില്ല. ഫർണ്ണീച്ചറുകളുടെ ഗുണനിലവാരം സംബന്ധിച്ച യാതൊരു സാങ്കേതികപരിശോധനയും നടത്തിയിട്ടുമില്ല. അതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. പഞ്ചായത്ത് ഫണ്ടിന് നഷ്ടമായ 7875 രൂപ നിർവഹണഉദ്യോഗസ്ഥയായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-3 ഓട്ടോറിക്ഷ വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്ട് -ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം പദ്ധതി(27/17)

അടങ്കൽ – 900000/- (എസ്.സി.പി) -

മറ്റുള്ളവ – 360000/-
ആകെ അടങ്കൽ - 1260000

ചെലവ് - 100000/-(എസ്.സി.പി) - ബിൽ നം – 9/16.3.17

എസ്.സി. ഗുണഭോക്താക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതിക്കായി 25.9.15 ലെ ഭരണസമിതി യോഗതീരുമാനപ്രകാരം 1(11) പ്രകാരം 38 ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ചു. എന്നാൽ രണ്ട് ഗുണഭോക്താക്കൾക്ക് മാത്രമാണ് പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചത്. ഒരു ഗുണഭോക്താവിന് 50000/- രൂപ നിരക്കിൽ 2 ഗുണഭോക്താക്കൾക്കായി ആകെ 100000/- യൂണിയൻ ബാങ്കിന് നൽകിയിട്ടുണ്ട് .യൂണിയൻ ബാങ്കിന് ബാക്ക് എൻഡ് സബ്സിഡിയായാണ് തുക ട്രാൻസ്ഫർ ചെയ്തത്. ഇതിൽ പ്രശാന്ത് .കെ.ചേറുംകോട്, പത്തനാപുരം എന്ന ഗുണഭോക്താവിന് ലോൺ

അനുവദിച്ചതിന്റെയോ ഓട്ടോറിക്ഷ വാങ്ങിയതിന്റെയോ രേഖകൾ ( വാഹന രജിസ്ട്രേഷൻ, ഇൻഷ്വറൻസ് രേഖകൾ) ലഭ്യമാക്കിയിട്ടില്ല. പദ്ധതി തുക ബാങ്കിന് മുൻകൂറായി നൽകുമ്പോൾ തുകയുടെ വിനിയോഗം നിർവഹണഉദ്യോഗസ്ഥ മോണിറ്റർ ചെയ്യേണ്ടതാണ്.

സ.ഉ(സാധാ)536/16/lsgd/9.2.16 പ്രകാരം സബ്സിഡി തുക ബാങ്കിന് നൽകുന്നതിന് പകരമ വാഹനഡീലർക്ക് ഡി.ഡി.യായി നൽകേണ്ടതാണെന്നും ബാക്കി ലോൺ തുകയാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. വാഹനത്തിന്റെ ആർ.സി.ബുക്കിന്റെ പകർപ്പ് പഞ്ചായത്ത് വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ മേൽ നിബന്ധനകളൊന്നും നിർവഹണഉദ്യോഗസ്ഥ പാലിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്ക് - 7/14.6.17 – മറുപടിയായി ഗുണഭോക്താവിന് രജിസ്റ്റേർഡ് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും വിവരം ലഭ്യമായിട്ടില്ല എന്നാണ് അറിയിച്ചത്. പ്രസ്തുത ഗുണഭോക്താവിന് ലോൺ അനുവദിച്ചിട്ടില്ലെങ്കിൽ സബ്സിഡി തുക- 50000/- ബാങ്കിൽ നിന്നും തിരികെ ഈടാക്കണ്ടതാണ്. രേഖകളുടെ അഭാവത്തിൽ സബ്സിഡി തുക 50000/- തടസ്സപ്പെടുത്തുന്നു.

# 3-4 IAY വിഹിതം - വിനിയോഗവിവരം ലഭ്യമായില്ല.

ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്കുള്ള ഭവനനിർമ്മാണപദ്ധതിക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായി നിർവഹണഉദ്യോഗസ്ഥർ പ്ലാൻഫണ്ട് തുകകൾ ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ടെങ്കിലും വിനിയോഗരേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് | ബിൽ നമ്പർ | തുക | നിർവഹണം |
|---|---|---|---|
| ഐ.എ.വൈ അധിക വിഹിതം (151/17) | 7/23.2.17 | 515000 | അസിസ്റ്റന്റ് സെക്രട്ടറി |
| PMAY അധികവിഹിതം | 6/27.10.16 | 180000 | വി.ഇ.ഒ |

പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട് എന്ന് നിർവഹണഉദ്യോഗസ്ഥ ഉറപ്പുവരുത്തേണ്ടതും വിനിയോഗരേഖകൾ വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

# 3-5 വൃദ്ധർക്ക് കട്ടിൽ - പദ്ധതി നടത്തിപ്പ് സുതാര്യമല്ല

പ്രൊജക്റ്റ് - വൃദ്ധർക്ക് കട്ടിൽ(137/17)

നിർവഹണം - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

അടങ്കൽ - പ്ലാൻ- -ജനറൽ - 200000

എസ്.സി.പി.- 800000

തനത് ഫണ്ട് - 1000

ചെലവ് - എസ്.സി.പി. - 153850

ബിൽ നമ്പർ - 11/30.3.17

വൃദ്ധർക്ക് കട്ടിൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ എസ്.സി.വിഭാഗത്തിലെ വൃദ്ധർക്ക് നൽകുന്നതിനായി ടെണ്ടർ ക്ഷണിച്ച് 18 gauge സ്റ്റീൽ കട്ടിലുകൾ എഫാർ ട്രേഡിംഗ്, എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. പദ്ധതിക്കായി 286 പേരുടെ ഗുണഭോക്തൃലിസ്റ്റ് തെരഞ്ഞെടുത്തെങ്കിലും അർഹരായ 50 പേർ മാത്രമാണുള്ളത് എന്ന് നിർവഹണഉദ്യോഗസ്ഥ രേഖാമൂലം സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. തുടർന്ന് 50 കട്ടിലിന്റെ വിലയായ ₹ 153850 /- 30.3.17 ന് സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ അർഹരായ 50 പേരുടെ ലിസ്റ്റ് തയ്യാറാക്കിയതായി കാണുന്നില്ല.

ഗുണഭോക്താക്കളുടെ വിതരണരജിസ്റ്റർ പ്രകാരം 236 പേർ കട്ടിൽ കൈപ്പറ്റിയിട്ടുണ്ട്.കൈപ്പറ്റിയ തിയതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം 3/13.6.17 ന് മറുപടിയായി 30.3.17 ന് ആവശ്യമായ രേഖകൾ 50 പേർ മാത്രമാണ് സമർപ്പിച്ചത് എന്നും 27.4.17 ന് ഭരണസമിതിയുടെ നിർദേശപ്രകാരം 236 പേർക്ക് കട്ടിൽ വാങ്ങി 5/17 ന് വിതരണം ചെയ്തതായും അറിയിച്ചിട്ടുണ്ട്. പ്രൊജക്ട് സ്പിൽ ഓവറായി അംഗീകാരം വാങ്ങി കട്ടിലിന്റെ വില 2017-18 ൽ നൽകുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതിരേഖകൾ പ്രകാരം 50 കട്ടിലുകൾ മാത്രം തുക നൽകി വാങ്ങുകയും എന്നാൽ തുടർവർഷത്തിൽ സ്പിൽഓവർ പ്രൊജക്ട് അംഗീകരിക്കുന്നതിന് മുൻപ് തന്നെ 236 കട്ടിൽ മുൻകൂറായി വിതരണം ചെയ്തതായി രേഖകൾ തയ്യാറാക്കുകയും ചെയ്ത നടപടി സുതാര്യമല്ല. പദ്ധതികൾ നിയമാനുസൃതം അംഗീകാരം വാങ്ങി നടപടിക്രമങ്ങൾ പാലിച്ച് നിയമാനുസൃതം നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-6 അങ്കണവാടികളുടെ ഫിറ്റ്നസ്സ് പരിശോധന നടത്തിയിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.03.2011 ലെ സർക്കുലർ നമ്പർ 31055/ഡി.സി.2/2011 പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആവശ്യമായ അറ്റകുറ്റപണികൾ നടത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എഞ്ചിനീയർ/ ഓവർസീയർ എന്നിവരുടെ യോഗം വിളിച്ചു ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും മെയ് 30 നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. യാതൊരു കാരണവശാലും സുരക്ഷിതമല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കരുത് എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മതിയായ സുരക്ഷിതത്വം ഇല്ലാത്തപക്ഷം നിശ്ചയിക്കപ്പെട്ടിട്ടുള്ള സുരക്ഷിതത്വ സംവിധാനങ്ങൾ തദ്ദേശഭരണ

സ്ഥാപനം/കെട്ടിട ഉടമ ഏർപ്പെടുത്തേണ്ടതാണ്. ഇപ്രകാരം സുരക്ഷ സംവിധാനങ്ങൾ സ്വീകരിക്കുവാൻ കഴിയുകയില്ലെങ്കിൽ സുരക്ഷിതമായ സ്ഥലത്തേക്ക് അങ്കണവാടികൾ മാറ്റി പ്രവർത്തിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ അങ്കണവാടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള പരിശോധന ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിൽ 2016-17 വർഷത്തിൽ നടത്തിയിട്ടില്ല. 2017- ലും നാളിതുവരെ പരിശോധന നടത്തി സാക്ഷ്യപത്രം വാങ്ങിയിട്ടില്ല. സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ പാലിക്കേണ്ടതും കെട്ടിടങ്ങളുടെ സാങ്കേതിക പരിശോധന നടത്തി ഫിറ്റ്നസ്സ് ഉറപ്പുവരുത്തേണ്ടതുമാണ്.

# 3-7 അങ്കണവാടികൾ - അവലോകനം

അങ്കണവാടികളുടെ അടിസ്ഥാന വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| 1. | അങ്കണവാടികളുടെ എണ്ണം | 27 |
| 2. | സ്വന്തമായി കെട്ടിടമുള്ളവയുടെ എണ്ണം | 18 |
| 3. | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 9 |
| 4. | ടോയ് ലറ്റ് സൗകര്യം ഉള്ളവയുടെ എണ്ണം | 27 |
| 5. | ബേബി ഫ്രണ്ട് ലി ടോയ് ലറ്റ് ഉള്ളവ | nil |
| 6 | വൈദ്യുതി ഉള്ളവ | 16 |
| 7. | കുടിവെള്ളം ലഭ്യമായവ | 27 |
| 8 | ചുറ്റുമതിൽ | 15 |
| 9 | 2016-17 ൽ മെയിന്റനൻസ് പ്രവൃത്തികൾ നടത്തിയവ | nil |

വൈദ്യുതി കണക്ഷൻ, ബേബി ഫ്രണ്ട്ലിടോയ്ലെറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പല അംഗൻവാടികളിലും നിലവിലില്ല. പൂരകപോഷകാഹാരപദ്ധതിക്കായി ലഭിച്ച ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്താൻ ഉപയോഗിക്കാവുന്നതാണ് എന്ന് 3.9.2010 ലെ 39029/DC3/2010 നം സർക്കുലറിൽ നിർദേശിച്ചിട്ടുണ്ട്. അങ്കണവാടി പോഷാകാഹാര പദ്ധതിക്കായി കേന്ദ്രവിഹിതമായി ലഭിച്ച

തുകയിൽ 1628967 രൂപ ചെലവഴിക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു

മുന്നിരുപ്പ് - 844851

വരവ് - 1171133

ആകെ - 2015984

ചെലവ് - 387017

നീക്കിയിരുപ്പ് - 1628967(1.6.17 ൽ ₹ 1067304/-)

പ്രസ്തുത തുക വിനിയോഗിച്ച് അങ്കണവാടികൾക്ക് ആവശ്യമായ മെയിന്റനൻസ് പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-8 ജവഹർ ഭവനപദ്ധതി - ധനസഹായം തിരികെ ഈടാക്കേണ്ടതാണ്

പ്രൊജക്റ്റ് - ജവഹർ ഭവനപദ്ധതി (8/17)

2015-16 വർഷം ആരംഭിച്ച ജവഹർ ഭവനപദ്ധതി (ജനറൽ) പ്രകാരം 17 പേർക്ക് ഭവനനിർമ്മാണത്തിന് നിർവഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ ധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ 16 പേരും ഭവനനിർമ്മാണം പൂർത്തിയാക്കി 200000/- രൂപയും കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ബീന,ചീനിക്കോട്, തെന്നിലാപുരം എന്ന ഗുണഭോക്താവിന് മാത്രം ആദ്യ ഇൻസ്റ്റാൾമെന്റായ 22500/- രൂപക്ക് (21.1.16 ന്) ശേഷം ധനസഹായം അനുവദിച്ചിട്ടില്ല. 750 sq.ft ൽ അധികം തറവിസ്തീർണ്ണമുണ്ട് എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഐ.എ.വൈ വീടുകളുടെ തറവിസ്തീർണ്ണം 66 ച.മീറ്ററിൽ കൂടുതലാകരുത് എന്ന വ്യവസ്ഥ പാലിക്കാത്ത ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരം ധനസഹായം അനുവദിക്കാവുന്നതല്ല.തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് വി.ഇ.ഒ. അറിയിച്ചിട്ടുണ്ട്. (എൻക്വയറി – 12/15.6.17)അതിനാൽ ധനഹായമായി അനുവദിച്ച 22500 രൂപ നിയമാനുസൃത നടപടികൾ സ്വീകരിച്ച് ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 ഒ.ഡി.എഫ് പദ്ധതി ധനസഹായം - അക്കൗണ്ട് ട്രാൻസ്ഫറിലെ അപാകതകൾ

ഒ.ഡി.എഫ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ 416 പേർക്ക് ടോയ്‌ലെറ്റ് നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. വി.ഇ.ഒയുടെ പേരിലുള്ള പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ടിൽ നിന്നും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് NEFT മുഖേനയാണ് ധനസഹായം നൽകിയത്. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ചില ഗുണഭോക്താക്കളുടെ

അക്കൗണ്ടിലേക്ക് അധികതുക ധനസഹായമായി ട്രാൻസ്ഫർ ചെയ്യുകയും മറ്റു ചിലർക്ക് ധനസഹായം ലഭിക്കാതെ വരുകയും ചെയ്തിട്ടുണ്ട്.ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവ് | അക്കൗണ്ട് നമ്പർ | തുക | ട്രാൻസ്ഫർ ചെയ്ത തിയതി | കുറിപ്പ് |
|---|---|---|---|---|
| കുഞ്ഞു | 6731866738 | 5000X2 | 26.9.16 | ₹ 5000/- അധികം നൽകി |
| ഭാസ്കരൻ | 20311502985 | 5000x2 | 16-12-16 | ₹ 5000/- അധികം നൽകി |
| വേലായുധൻ നാരായണൻ | 503456 | 10400 | | ₹ 5000 രൂപയ്ക്ക് പകരം 10400 നൽകി |
| താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് നാളിതുവരെ അക്കൗണ്ടിൽ തുക ക്രഡിറ്റ് ചെയ്തിട്ടില്ല എന്ന് വി.ഇ.ഒ. അറിയിച്ചു | | | | |
| സുന്ദരി w/o രാജൻ | വിവരം ലഭ്യമായില്ല | 5000 | | |
| ദേവു / കോയു | " | 10400 | | |

വി.ഇ.ഒ. ബാങ്കിന് നൽകിയ ലിസ്റ്റ് (ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പരും തുകയും) കൃത്യമാണെന്നും ബാങ്ക് തുക ട്രാൻസ്ഫർ ചെയ്തതിൽ തെറ്റ് സംഭവിച്ചതാണെന്നുമാണ് വി.ഇ.ഒ അറിയിച്ചത്. ബാങ്ക് ഗുണഭോക്താക്കൾക്ക് തുക ട്രാൻസ്ഫർ ചെയ്തതിൽ വന്ന അപാകതയായതിനാൽ ഇത് പരിഹരിക്കുന്നതിന് രേഖാമൂലം ബാങ്കിന് കത്തു നൽകി തുക യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-10 ആശുപത്രികൾക്ക് മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല

2016-17 ൽ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നടപ്പിലാക്കിയ രണ്ട് പദ്ധതികൾ മുഖേന മരുന്ന് വാങ്ങുന്നതിനായി പദ്ധതി ഫണ്ട് മുൻകൂർ നൽകിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

1.പ്രൊജക്റ്റ് – ഹോമിയോ ആശുപത്രിക്ക് മരുന്ന് വിതരണം

അടങ്കൽ/ചെലവ് - 100000/-

ബിൽ നമ്പർ – 7/23.3.17

ഹോമിയോ ആശുപത്രിക്ക് മരുന്ന് വിതരണം പദ്ധതി പ്രകാരം ₹ 100000/- രൂപ ഹോംകോയ്ക്ക് മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ നാളിതുവരെ ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമായിട്ടില്ല. ഹോംകോയുമായി നിർവഹണ ഉദ്യോഗസ്ഥൻ കരാർ ചമച്ചിട്ടില്ല. തുക മുൻകൂറായി നൽകുമ്പോൾ സ്ഥാപനവുമായി കരാർ വയ്ക്കേണ്ടതും കരാറിലെ സമയപരിധിക്കകം മരുന്നുകൾ ലഭ്യമായില്ലെങ്കിൽ നിയമാനുസൃതം തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.മുൻകൂർ നൽകിയ തുകയ്ക്ക് മരുന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.പ്രൊജക്ട് - ആയുർവേദ ആശുപത്രിക്ക് മരുന്ന് വിതരണം

അടങ്കൽ/ചെലവ് - 600000/-

ബിൽ നമ്പർ - 3/31.10.16

ആയുർവേദ ആശുപത്രിക്ക് മരുന്ന് വിതരണം പദ്ധതി പ്രകാരം 600000/- രൂപ ആയുർവേദ മരുന്നുകൾക്കായി ഔഷധിക്ക് നൽകിയിട്ടുണ്ടെങ്കിലും ലഭ്യമാക്കിയ രേഖകൾ പ്രകാരം താഴെ പറയും പ്രകാരമാണ് മരുന്ന് ലഭ്യമായത്.

| ഇൻവോയ്സ് നമ്പർ | തുക |
|---|---|
| 2045/7.10.16 | 100000 |
| 2460/30.11.16 | 430386 |
| 2887/30.12.16 | 58416 |
| 3635/31.1.17 | 3881 |
| 4305/27.2.17 | 6174 |
| ആകെ | 598857 |

₹ 1143/- രൂപയുടെ മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല.

സർക്കുലർ നമ്പർ 5398/DP-1/2006/LSGD/ 27.2.2006 പ്രകാരം ഔഷധിയിൽ നിന്നും മരുന്ന് വാങ്ങുമ്പോൾ ഒരു മാസത്തിനുള്ളിൽ വിതരണം ചെയ്യണം എന്ന വ്യവസ്ഥയിൽ മുൻകൂർ നൽകാവുന്നതാണ് എന്നും ഇത് സംബന്ധിച്ച് കരാർ വയ്ക്കേണ്ടതാണെന്നും നിർദേശിച്ചിട്ടുണ്ട്. ഒരു മാസത്തിനകം മരുന്ന് ലഭ്യമായില്ലെങ്കിൽ നഷ്ടപരിഹാരം ഈടാക്കണം എന്നും സർക്കുലറിൽ വ്യവസ്ഥയുണ്ട്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥൻ ഔഷധിയുമായി കരാർ തയ്യാറാക്കിയിട്ടില്ല. മുൻകൂർ തുക നൽകുമ്പോൾ നിയമാനുസൃതനടപടിക്രമം പാലിക്കേണ്ടതാണ്. ബാലൻസ് തുക – 1143 രൂപയുടെ മരുന്ന് ലഭ്യമാക്കുകയോ തുക തിരികെ ഈടാക്കുകയോ ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-11 കുടുംബശ്രീ - ചെലവഴിക്കാത്ത തുക തിരിച്ചടക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ സി.ഡി.എസിന്റെ കാഷ്ബുക്ക് പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച 170000/- രൂപ 31.3.17 ന് നീക്കിയിരുപ്പുണ്ട്. 2010-11, 2013-14 വർഷങ്ങളിൽ പദ്ധതി പ്രകാരം വിവിധ കുടുബശ്രീകൾക്ക് റിവോൾവിംഗ് ഫണ്ട് ഇനത്തിൽ അനുവദിച്ച തുകയാണ് നാളിതുവരെ ചെലവഴിക്കാതെ അവശേഷിക്കുന്നത്.പ്ലാൻഫണ്ടിൽ നിന്നും ലഭിച്ച തുകകൾ ചെലവഴിക്കാതെ സി.ഡി.എസ്സിന്റെ തനത് അക്കൗണ്ടിൽ വർഷങ്ങളോളം സൂക്ഷിച്ച നടപടി ക്രമപ്രകാരമല്ല. തുക ഗ്രാമപഞ്ചായത്ത് മുഖേന സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-12 ആശ്രയ പദ്ധതി- അവലോകനം

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കരകയറ്റുന്നതിനായിട്ടുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. ജി.ഒ. എം.എസ്)നം. 71/2003/ പ്ലാനിംഗ്/12.11.2003 അനുസരിച്ചാണ് ആശ്രയ പദ്ധതി ആദ്യമായി ആരംഭിച്ചത്. തുടർന്ന് വിവിധ ഉത്തരവുകളിൽ ഈ പദ്ധതിയ്ക്ക് സമൂലമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. സ.ഉ(എം എസ്)നം.362/2013/ത.സ്വ.ഭ.വ. തി. 16.11.2013 പ്രകാരം അയൽക്കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തുകയും, അപ്രകാരം കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ നിലനിൽപിനും, സാമൂഹ്യമായ മുന്നേറ്റങ്ങൾക്കും വേണ്ടി ആശ്രയ എന്ന പ്രൊജക്ട് തയ്യാറാക്കിയിരിക്കണം. കാവശ്ശേരി ഗ്രാമപഞ്ചായത്ത് സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ അടിസ്ഥാനമാക്കി അഗതി കുടുംബങ്ങൾക്ക് നൽകിയ ആനുകൂല്യങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ഇനം | 1st പ്രൊജക്ട് | 2nd പ്രൊജക്ട് |
|---|---|---|
| പ്രൊജക്ടു പ്രകാരം ആകെ ഗുണഭോക്താക്കൾ* | 60 | 104 |
| പ്രൊജക്ടുപ്രകാരം വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 12 | 3 |
| നാളിതുവരെ ലഭിച്ചവർ | 7 | - |
| പ്രൊജക്ടുപ്രകാരം വീട് ആവശ്യമുള്ളവർ | 32 | 13 |
| നാളിതുവരെ ലഭിച്ചവർ | 13 | - |

| | | |
|---|---|---|
| വീട് റിപ്പയർ ആവശ്യമുള്ളവർ | 16 | 8 |
| നാളിതുവരെ ലഭിച്ചവർ | 16 | 8 |
| മരുന്ന് | 44 | 133 |
| ഭക്ഷ്യവസ്തുക്കൾക്ക് ചെലവഴിച്ച തുക | 3199929 | 388884 |

ആശ്രയ പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും (പ്ലാൻ) നിന്നും മിഷൻ ഫണ്ടിൽ നിന്നും നാളിതുവരെ വകയിരുത്തിയ തുകയും ലഭിച്ച തുകയും താഴെ ചേർക്കുന്നു.

| | I-ാം പ്രൊജക്ട് | II-ാം പ്രൊജക്ട് |
|---|---|---|
| ഗ്രാമപഞ്ചായത്തിൽ നിന്നും നാളിതു വരെ ലഭിച്ച തുക<br>Revisit | 608701<br>718200 | 200000 |
| ചെലവഴിച്ച തുക<br>Revisit | 608701<br>518200 | 200000 |
| നീക്കിയിരുപ്പ് (as on 31.3.16) | 200000 | |
| ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചത് | - | - |
| കുടുംബശ്രീ മിഷനിൽ നിന്നും നാളിതു വരെ ലഭിച്ച തുക | 1012000 | 491590 |
| ചെലവഴിച്ചത് | 725946 | 398772 |
| നീക്കിയിരുപ്പ് | 916866 | 179137 |

ആശ്രയ ആദ്യപ്രൊജക്ടിൽ 60 ഗുണഭോക്താക്കളും റീവിസിറ്റിൽ 44 പേരുമാണുണ്ടായിരുന്നത്. രണ്ടാം പ്രൊജക്ടിൽ 104 ഗുണഭോക്താക്കളുണ്ട്. നിലവിൽ 91 പേരുണ്ട്. മറ്റുള്ളവർ മരണപ്പെട്ടു.

ലഭ്യമായ ഫണ്ട് പൂർണ്ണമായും വിനിയോഗിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വിജയം കൈവരിച്ചിട്ടില്ല. ആശ്രയ ഗുണഭോക്താക്കളുടെ സമഗ്ര ഉന്നമനത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യുന്നതിൽ ഭരണസമിതിയും അധികാരികളും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-13 കുടിവെള്ള പദ്ധതികൾ-അവലോകനം

ഗ്രാമപഞ്ചായത്തിൽ ആകെ 9 പൊതു കുടിവെള്ള പദ്ധതികളിലായി നിലവിലുള്ള രേഖകളനുസരിച്ച് 1446 കണക്ഷനുകളാണ് ഉള്ളത്. ആയതിൽ 1428 എണ്ണം ഗാർഹിക ഉപഭോക്താക്കളും 18 എണ്ണം ഗാർഹികേതര ഉപഭോക്താക്കളുമാണ് ഗാർഹിക കണക്ഷനുകളിൽ നിന്നും 50 രൂപയും ഗാർഹികേതര കണക്ഷനുകളിൽ നിന്നും 152 രൂപയുമാണ് പ്രതിമാസം കുടിവെള്ള കരമായി ഈടാക്കി വരുന്നത്.

2016-17 വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രിക പ്രകാരം കുടിവെള്ള ചാർജ്ജ് പിരിച്ചെടുത്തതിന്റെ വിവരം താഴെക്കൊടുക്കുന്നു.

| | തൻവർഷം | കുടിശ്ശിക |
|---|---|---|
| ഡിമാന്റ് | 878358 | 655015 |
| കളക്ഷൻ | 445519 | 387683 |
| ബാലൻസ് | 432839 | 267332 |

2016-17 വർഷത്തിൽ കുടിവെള്ള പദ്ധതികൾക്കായുള്ള വൈദ്യുതി ചാർജ്ജ് , പമ്പ് ഓപ്പറേറ്റർമാരുടെ വേതനം, അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനുമായി വരുന്ന ചെലവ് എന്നിവ താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| വേതനം | 453600 |
| കറന്റ് ചാർജ്ജ് | 1706922 |
| അറ്റകുറ്റപ്പണികൾ | 515308 |
| ആകെ ചെലവ് | 2675830 |

മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഈ വിഷയം സൂചിപ്പിച്ചിരുന്നു. ആയത് പ്രകാരം 2017-18 ബജറ്റിൽ ഗാർഹിക കണക്ഷനുകൾക്ക് നിലവിലുള്ള 50 രൂപയിൽ നിന്നും 70 രൂപയായും ഗാർഹികേതര കണക്ഷനുകൾക്ക് 150 രൂപയിൽ 210 രൂപയായും ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വരുമാനത്തേക്കാൾ അധികം ചെലവു വരുന്ന നിലവിലെ സാഹചര്യത്തിൽ കുടിവെള്ള ചാർജ്ജിലെ ഈ വർദ്ധനവ് നടപ്പിലാക്കി വരുമാനവർദ്ധനവിന്

വഴിയൊരുക്കേണ്ടതാണ്.

# 3-14 തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് -അവലോകനം

തനത് വരുമാന സ്രോതസ്സ് പരിമിതമായ ഗ്രാമപഞ്ചായത്ത് തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ വൻതുക ചെലവഴിക്കുന്ന സാഹചര്യം നിലവിലുണ്ടായിരുന്നു. തെരുവുവിളക്കുകളുടെ പരിപാലനത്തിനായി കാര്യക്ഷമമായ നടപടികൾ സ്വീകരിച്ച് പരിപാലനച്ചെലവും വൈദ്യുതി ചാർജ്ജും കുറയ്ക്കേണ്ടതിന്റെ ആവശ്യകത മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ട്. നിലവിൽ പകുതിയോളം തെരുവുവിളക്കുകളും മീറ്ററിംഗ് സംവിധാനത്തിനു കീഴിൽ കൊണ്ടുവന്നതിനാൽ ഓഡിറ്റ് വർഷത്തിൽ വൈദ്യുതി ചാർജ്ജിനത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്.

കെ.എസ്.ഇ.ബിയുടെ പാട്ടൂർ, ആലത്തൂർ സെക്ഷനുകളിലായാണ് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവുവിളക്കുകൾ സ്ഥിതി ചെയ്യുന്നത്.

| ഇനം | മീറ്റർ റീഡിംഗ് സംവിധാനമുള്ള തെരുവുവിളക്കുകളുടെ എണ്ണം | മീറ്ററിംഗ് സംവിധാനം ഇല്ലാത്ത തെരുവുവിളക്കുകളുടെ എണ്ണം | ആകെ |
|---|---|---|---|
| സാധാരണ ബൾബ് (40 W) | 82 | 133 | 215 |
| സി.എഫ്.എൽ 11*2 W | 700 | 566 | 1266 |
| ഡബിൾ ട്യൂബ് 40*2 W | 55 | 88 | 143 |
| സിംഗിൾ ട്യൂബ് 40 W | 0 | 47 | 47 |
| സോഡിയം വേപ്പർ ലാമ്പ് 250 W | 37 | 30 | 67 |

2016 ജൂലൈ മാസം മുതലാണ് മേൽ കാണിച്ച തെരുവുവിളക്കുകൾക്ക് മീറ്റർ റീഡിംഗ് സംവിധാനം ഏർപ്പെടുത്തിയത്. ഗ്രാമപഞ്ചായത്ത് രേഖാമൂലം ആവശ്യപ്പെട്ടതനുസരിച്ച് മീറ്ററിംഗ് സംവിധാനം നിലവിൽ വരുന്നതിന് മുമ്പ് അടവാക്കിയ അധികം വൈദ്യുതി ചാർജ്ജ് വരും മാസത്തിലെ വൈദ്യുതിചാർജ്ജിൽ ക്രമീകരിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് നിലവിൽ 40 W ന്റെ 215 സാധാരണ ബൾബുകൾക്ക് വൈദ്യുതിചാർജ്ജ് ഒടുക്കുന്നുണ്ട്. കെ.എസ്.ഇ ബി ഏറ്റവും അവസാനം ലഭ്യമാക്കിയ കണക്കനുസരിച്ചും 40 W ബൾബുകൾ 215 എണ്ണം നിലവിലുണ്ട്. എന്നാൽ യഥാർത്ഥത്തിൽ ഇവ നിലവിലുണ്ടോ എന്നതിന്

കെ.എസ്.ഇ ബി യും പഞ്ചായത്തധികൃതരുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല. സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ യഥാർത്ഥ എണ്ണം നിജപ്പെടുത്താവുന്നതുമാണ്. ഊർജ്ജ ഉപഭോഗം കൂടിയ സാധാരണ ബൾബുകൾ പൂർണ്ണമായും ഒഴിവാക്കുന്നതിനും അതു വഴി വൈദ്യുതിചാർജ്ജ് കുറയ്ക്കുന്നതിനും ശ്രമിക്കാവുന്നതാണ്.

# 3-15 എം.എൻ.ആർ.ഇ.ജി.എസ്.- അവലോകനം

2005ൽ നിലവിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2006-07 സാമ്പത്തിക വർഷം മുതൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ വിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഈടു നിൽക്കുന്ന ആസ്തികളുടെ രൂപീകരണവും ഗ്രാമീണ ദരിദ്രരുടെ ജീവിതോപാധികൾ ശക്തിപ്പെടുത്തൽ എന്നതുമാണ് സ്കീമിന്റെ പ്രധാന ലക്ഷ്യം. 2016-17 വർഷത്തെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വിശദാംശം | 2016-17വർഷം |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3849 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 3849 |
| 3 | തൻവർഷത്തെ ആകെ അടങ്കൽ | 4,21,00,000 |
| 4 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 178 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 171 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 168 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം, മെറ്റീരിയൽസിന്റെ ചെലവ് | ഇല്ല |
| 8 | തൻവർഷത്തെ വരവ് (പലിശ ഉൾപ്പെടെ) | 27099415 |
| 9 | തൻവർഷത്തെ ചെലവ് (ബാങ്ക്ചാർജ്ജ് ഉൾപ്പെടെ) | 27099050 |
| 10 | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2732 |
| 11 | 100 തൊഴിൽദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 22 |
| 12 | തൊഴിൽ ആവശ്യപ്പെട്ടിട്ടും നൽകാതിരുന്നത് എത്ര പേർക്ക്?<br><br>തൊഴിൽ രഹിത വേതനം നൽകിയത് എത്ര | ഇല്ല |

| | | |
|---|---|---|
| | പേർക്ക്? നൽകിയ തുക | |
| 13 | തൊഴിൽ സ്ഥലത്ത് സംഭവിച്ച അപകടങ്ങളുടെ എണ്ണം, ചെലവഴിച്ച തുക | ഇല്ല |
| 14 | തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കാറുണ്ടോ? | ഉണ്ട് |
| 15 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം | 44 കിണർ |
| 16 | സോഷ്യൽ ഓഡിറ്റ് നടന്ന മാസം | nov 2016 |
| 17 | പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ? | ഉണ്ട് |
| 18 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം | 44 കിണർ |

<u>നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം</u>

| ക്രമനം. | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | എണ്ണം |
|---|---|---|
| 1 | <u>മണ്ണ്-ജല സംരക്ഷണം</u><br>പൊതുകുളം<br>സ്വകാര്യ കുളം- 11 എണ്ണം<br>സ്വകാര്യ കിണർ - 44 എണ്ണം | 375095<br>970200<br>2842000 |
| 2 | ചെറുകിട ജലസേചനം - - 56 എണ്ണം | 8257250 |
| 3 | പട്ടികജാതി-പട്ടിക വർഗ്ഗക്കാർ തുടങ്ങിയ വരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം - 17 എണ്ണം | 4550503 |
| 4 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം - 19 എണ്ണം | 7231599 |
| 5 | വീട് നിർമ്മാണം-ഐ.ഏ.വൈ - 20 എണ്ണം | 1938256 |
| | മറ്റു ചെലവുകൾ | - |
| | ആകെ | 26164903 |

<u>അവലോകനം</u>

| ക്രമനം. | | 2016-17 |
|---|---|---|
| 1 | ആക്ഷൻ പ്ലാൻ പ്രകാരം ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുക | 42100000 |
| | ചെലവഴിച്ച തുക | 27099050 |
| | ശതമാനം | 64.37% |
| 2 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3849 |
| | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 3849 |

| | | |
|---|---|---|
| | ശതമാനം | 100% |
| 3 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 22 |

തൊഴിലുറപ്പ് പദ്ധതി ആക്ട് സെക്ഷൻ 3 (3),തദ്ദേശസ്വയംഭരണ വകുപ്പിൻെറ 06.02.15.ലെ സർക്കുലർ നമ്പർ 66791/ഡി.ഡി.2/14,തൊഴിലുറപ്പ് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പ്രകാരം തൊഴിലാളികൾക്ക് കൂലി ആഴ്ചയിൽ ഒരു ദിവസം നൽകേണ്ടതും ഒരു കാരണവശാലും മസ്റ്റർറോൾ ക്ലോസ്സ് ചെയ്ത തിയ്യതി മുതൽ 15 ദിവസത്തിൽ അധികരിക്കുവാൻ പാടില്ലാത്തതുമാണെന്നും നിശ്ചിത നാൾക്കകം കൂലി ലഭ്യമാക്കിയില്ലെങ്കിൽ കാലതാമസം വരുന്ന ഓരോ ദിവസത്തിനും 0.05% നിരക്കിൽ നഷ്ടപരിഹാരം നൽകേണ്ടതുമാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ 2016 ഡിസംബർ മുതൽ 2017 മാർച്ച് വരെയുള്ള കാലയളവിൽ ചെയ്ത പ്രവൃത്തികളുടെ കൂലിയിനത്തിൽ ആകെ 7833876/രൂപ തൊഴിലാളികൾക്ക് നല്കുവാൻ കുടിശ്ശികയുണ്ട്. ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു

| | |
|---|---|
| ഐ.എ.വൈ.ഭവനനിർമ്മാണം | 857376 |
| തോടുകളുടെ പുനരുദ്ധാരണം | 934500 |
| കിണർ നിർമ്മാണം | 972000 |
| ഭൂവികസനം | 78000 |
| പുഴസംരക്ഷണം | 2112000 |
| കുളം പുനരുദ്ധാരണം | 2880000 |
| ആകെ | 7833876 |

കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാകാത്തതിനാലാണ് തുക നൽകുവാൻ കഴിയാത്തത് എന്നാണ് ഗ്രാമപഞ്ചായത്ത് അറിയിച്ചത്. കുടിശ്ശികവേതനം തൊഴിലാളികൾക്ക് ലഭ്യമാക്കുവാനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 ബിറ്റുമിൻ വാങ്ങുന്നതിന് അധികതുക നൽകിയത് തിരികെ ഈടാക്കണം

ഓഡിറ്റ് വർഷം പഞ്ചായത്ത് തുക വകയിരുത്തി അംഗീകാരം വാങ്ങിയിട്ടുള്ള 27 ടാറിംഗ് പ്രവൃത്തികളിൽ കരാറുകാർക്ക് ബിറ്റുമിൻ വാങ്ങി നൽകുന്നതിനായി താഴെ കാണും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| ബിറ്റുമിൻ-ഇനം | ബാരൽ- | തുക | സ്ഥാപനം |
|---|---|---|---|

| | എണ്ണം | | |
|---|---|---|---|
| SS-1 | 41 | 498670 | HINDCOL,കൊച്ചി. |
| RS-1 | 29 | 218088 | |
| VG-30 | 275 | 1606141 | HPCL,കൊച്ചി. |
| ആകെ | 345 | 2322899 | |

പ്രവൃത്തികളുടെ വർക്ക് ബില്ലുകളിൽ നിന്നും ബിറ്റുമിൻ വാങ്ങുന്നതിനാവശ്യമായ ഈ തുക അസിസ്റ്റന്റ് എഞ്ചിനീയർ മുൻകൂറായി പിൻവലിച്ച് മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണുണ്ടായത്. എന്നാൽ ബിറ്റുമിൻ സപ്ളൈ ചെയ്ത സ്ഥാപനങ്ങളുടെ ബില്ലുകൾ പ്രകാരം ബിറ്റുമിന്റെ വില താഴെ പറയും പ്രകാരമാണ്.

| ബിൽനം./തീയതി | ബാരൽ-എണ്ണം | തുക | സ്ഥാപനം |
|---|---|---|---|
| 0008491/1.3.17 | 60 | 340665.87 | HPCL,കൊച്ചി. |
| 0019643/1.3.17 | 60 | 340665.87 | ടി |
| 0008492/1.3.17 | 60 | 340665.87 | ടി |
| 0019642/1.3.17 | 60 | 340665.87 | ടി |
| 0019727/2.3.17 | 21 | 119233.05 | ടി |
| 0006221/5.3.17 | 14 | 79488.71 | ടി |
| 0365219/28.2.17 | 35 | 425702 | HINDCOL,കൊച്ചി. |
| 0365240/28.2.17 | 6 | 72923 | ടി |
| 0341522/3.3.17 | 29 | 214860 | ടി |

| | | | |
|---|---|---|---|
| ആകെ | | 2274870 | |

ഇതുപ്രകാരം ബിറ്റുമിൻ സപ്ലൈ ചെയ്യുന്നതിനായി മേൽ സ്ഥാപനങ്ങൾക്ക് കൂടുതൽ തുക നൽകിയിട്ടുണ്ട്. ആയതിനാൽ ആകെ അധികം നൽകിയ 48029 /- (2322899 - 2274870) രൂപ ടി സ്ഥാപനങ്ങളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-17 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറങ്ങളുടെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കേണ്ടതാണ്

2016-17 വർഷത്തിൽ 5 ലക്ഷത്തിനുമുകളിൽ അടങ്കലുള്ള 7 പ്രവൃത്തികൾക്ക് ഇ-ടെണ്ടർ മുഖേന ടെണ്ടർ വിളിച്ചിട്ടുണ്ട്. ടെണ്ടർ ഫോറങ്ങളുടെ വിലയും വാറ്റും പാലക്കാട് ജില്ലാപഞ്ചായത്തിലെ എൽ.എസ്.ജി.ഡി വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ടെണ്ടർ ഫോറങ്ങളുടെ വില നാളിതുവരെ കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. വാറ്റ് തുക വില്പന നികുതി ഓഫീസിലേക്കും അടച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട തുക ടെണ്ടർ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതും ആയത് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കുന്നതിനും വാറ്റ് തുക ഒടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ ടെണ്ടർ ഫോറങ്ങളുടെ തുകകൾ ഉണ്ടെങ്കിൽ ആയതും തിരികെ ലഭ്യമാക്കേണ്ടതാണ്.

ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 08/15-6-2017 നുള്ള മറുപടിയിൽ അസി.എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-18 മരാമത്ത് പ്രവൃത്തികൾ പൊതുഅവലോകനം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പ്രൊജക്റ്റുകളുടെ ഫയലുകൾ.രജിസ്റ്ററുകൾ എന്നിവ പരിശോധിക്കുമ്പോൾ താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു.

| വകയിരുത്തിയ തുക | പ്രൊജക്റ്റുകളുടെ എണ്ണം | ചെലവഴിച്ചത് | പ്രൊജക്റ്റുകളുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 24905726 | 71 | 10363919 (41.61%) | 40 |

വർക്ക് ഫയലുകൾ പരിശോധിക്കുമ്പോൾ കാണപ്പെട്ട താഴെ പറയുന്ന അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. കരാറുകാരൻ EMD, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങൾക്കായി അസി.എഞ്ചിനീയർക്ക് പ്ലെഡ്ജ് ചെയ്ത് സമർപ്പിക്കുന്ന FD Receipts വർക്ക് ഫയലുകളിൽത്തന്നെ സൂക്ഷിച്ചിരിക്കുന്നു. ഇവയുടെ വിവരങ്ങൾ സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് ഇവ സേഫ് കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതാണ്.
2. അസി.എഞ്ചിനീയർക്ക് കരാറുകാർ സെക്യൂരിറ്റി നിക്ഷേപമായി സമർപ്പിക്കുന്ന FD Receipts നിയമാനുസൃതം പ്ലെഡ്ജ് ചെയ്ത് വാങ്ങേണ്ടതാണ്.
3. നടക്കാവ് കോളനി നടപ്പാത കോൺക്രീറ്റിംഗ് (പ്രൊജക്റ്റ് നം.107/17) എന്ന പ്രവൃത്തിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് എക്സ്ട്രാ ഐറ്റംസ് ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എക്സ്ട്രാ ഐറ്റംസ് ചെയ്യുന്നതിന് കരാറുകാരനുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.
4. നടക്കാവ് കോളനി നടപ്പാത കോൺക്രീറ്റിംഗ് (പ്രൊജക്റ്റ് നം.107/17), ആയുർവേദാശുപത്രി പുനരുദ്ധാരണം (പ്രൊജക്റ്റ് നം.95/17) എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തത് ഭരണസമിതി അംഗീകരിച്ചിട്ടുണ്ടെങ്കിലും റിവൈസ്ഡ് എസ്റ്റിമേറ്റ് , കംപാരറ്റിവ് സ്റ്റേറ്റ്മെന്റ് എന്നിവ അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ അംഗീകരിച്ച് ഒപ്പുവെച്ചിട്ടില്ല. ഇത് പരിഹരിക്കേണ്ടതാണ്.
5. പല പ്രവൃത്തികളുടേയും വർക്ക് സ്ലിപ്പ്, അളവു പുസ്തകത്തിലും ബിൽ കോപ്പിയിലും ബില്ല് സ്ക്രൂട്ടിനി ചെയ്ത് അഡ്മിറ്റ് ചെയ്യുന്നതായുള്ള സർട്ടിഫിക്കറ്റിലും അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ ഒപ്പുവെച്ചിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾ ഒഴിവാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2016-17 | 539730 | നെൽകൃഷിക്ക് പ്രാരംഭ ചെലവുകൾ നൽകൽ | 539730 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 1259370 | നെൽകൃഷിക്ക് പ്രാരംഭ | 1259370 | |

| | | | | | |
|---|---|---|---|---|---|
| വിഹിതം | | | ചെലവുകൾ നൽകൽ | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി | IDL/EMS /2009-10 /dated 26-12-2009 | 19803500 | 1826015 | 1579555 | | 246460 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 179538 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2008-09 | Para-3-4 | 174541 | സി.കൃഷ്ണൻ, സെക്രട്ടറി(റിട്ട) | 11602700001 & 29.12.2016 |
| 2009-10&2010-11 | Para-3-4 | 2497 | സി.കൃഷ്ണൻ, സെക്രട്ടറി(റിട്ട) | 11611105276& 03-03-2017 |
| 2012-13 | Para 2-3 | 2500 | കെ.ഡി.ഹരേഷ്, സെക്രട്ടറി കണ്ണാടി ഗ്രാമപഞ്ചായത്ത്. | 11611105433 & 9-3-2017, 11611105867 dt.28-03-17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 73078558 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56205033 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 35930 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 50000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |
| | | | |

| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
|---|---|---|---|
| 3-1 | | 28055 | ശ്രീമതി.പി.എൻ.തങ്കമണി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | | 7875 | ശ്രീമതി.പി.എൻ.തങ്കമണി, അസിസ്റ്റന്റ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 50000 | ശ്രീമതി.പി.എൻ.തങ്കമണി, അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.പി.എൻ.തങ്കമണി അസിസ്റ്റന്റ് സെക്രട്ടറി | കാവശ്ശേരി ഗ്രാമപഞ്ചായത്ത് | തെക്കേഗ്രാമം, പെരിങ്കുളം(പി.ഒ) ആലത്തൂർ-678542 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ്.പി9-193/98/5-7-12 | ഫർദർ റിമാർക്സ് |
| 1997-98 | എൽ.എഫ്.പി7-99/2000/6-7-2001 | ഫർദർ റിമാർക്സ് |
| 1998-99 | എൽ.എഫ്.പി10-509/2002/13-2-2003 | ഫർദർ റിമാർക്സ് |
| 1999-2000 | എൽ.എഫ്.പി10-501/10/19-7-2010 | ബഹു ഡയറക്ടർക്കുള്ള കത്ത് |
| 2000-01 | എൽ.എഫ്.പി10-545/05/16-7-2006 | ഫർദർ റിമാർക്സ് |
| 2001-02 | എൽ.എഫ്.പി10-556/04/13-7-2006 | ഫർദർ റിപ്പോർട്ട് |
| 2002-03 | എൽ.എഫ്.പി10-101/08/11-11-2010 | ഫർദർ റിപ്പോർട്ട് |
| 2003-04 | എൽ.എഫ്.പി10-953/11/10-4-2012 | ഫർദർ റിമാർക്സ് |
| 2004-05 | എൽ.എഫ്.പി10-952/11/7-5-2012 | ഫർദർ റിമാർക്സ് |
| 2005-06 | എൽ.എഫ്.പി10-954/11/12-4-2012 | ഫർദർ റിമാർക്സ് |
| 2006-07 | എൽ.എഫ്.പി10-1037/12/16-7-2012 | ഫർദർ റിപ്പോർട്ട് |
| 2007-08 | എൽ.എഫ്.പി10-1038/12/16-7-2012 | ഫർദർ റിപ്പോർട്ട് |
| 2008-09 | എൽ.എഫ്.പി10-1039/12(1)/16-7-2012 | ഫർദർ റിപ്പോർട്ട് |
| 2009-10 | എൽ.എഫ്.പി10-1268/13/3-3-14 | ഓഡിറ്റ് റിപ്പോർട്ട് |
| 2010-11 | | |
| 2011-12 | എൽ.എഫ്.പി10-1696/14/8-12-2014 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | എൽ.എഫ്.പി10-851/15/ | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14, 2014-15 | കെ.എസ്.എ-പി.കെ.ഡി-10/249/16 /2-3-2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | കെ.എസ്.എ-പി.കെ.ഡി.10/141 /2017/25-01-17 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-പികെഡി10/1184/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തിയതി -28-07-2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. സാക്ഷ്യപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>അപാകതകളുടെ സംക്ഷിപ്തം</u>

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.
2. വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD10/1184/2017

Kerala State Audit Department

District Audit Office

Palakkad

Date – 28-07-2017

## Audit Certificate

Certified that I have audited the Annual Financial Statement of Kavassery Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions. In my opinion, the Financial Statements of Kavassery Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1. Asset values not updated and linked with Saankhya. Hence Balance sheet does not reflects actual value of assets.
2. Arrear and current demand, Collection, Balance amounts shown in AFS not in agreement with data prepared by Sanchaya Software.

Deputy Director